LIBRARY ARCHIVES Kerala Legislative Assembly

മീൻകുന്ന് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി

40 [716] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നിർദ്ദിഷ്ട മീൻകുന്ന് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയുടെ വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) പദ്ധതി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മീൻകുന്നിന്റെ വികസനത്തിനായി 32.50 ലക്ഷം രൂപയുടെ ഒരു പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഇതുകൂടാതെ മീൻകുന്ന് കടലോരത്തിന്റെ വികസനത്തിനായി ടൂറിസം വകുപ്പ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് 102 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് KITCO എന്ന ഏജൻസിയെ ക്കൊണ്ട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ബീച്ചിന്റെയും ബീച്ചിനോട് ചേർന്ന ക്ളിഫിന്റെയും വികസനമാണ് മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്യുന്നത്.

(ഡി & ഇ) നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

കടലോരങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ടൂറിസ്റ്റ് വികസന പദ്ധതി

41 [717] ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, സി. കെ നാണു:
,, എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടലോരങ്ങളെ മൊത്തത്തിൽ ഏകോപിപ്പിച്ചുകൊണ്ട് ഏതെങ്കിലും ടൂറിസ്റ്റ് വികസന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സംക്ഷിപ്ത വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ കടലോരങ്ങളെ മൊത്തത്തിൽ ഏകോപിപ്പിച്ചുകൊണ്ട് കേരളാ ഗവൺമെന്റ് തയ്യാറാക്കി സമർപ്പിച്ച 'കടലോര ടൂറിസം സർക്യൂട്ട്' പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

അനുവദിച്ച തുക-798 ലക്ഷം രൂപ. 'കിറ്റ്കോ' വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി താഴെപ്പറയുന്ന കടലോരങ്ങളുടെ നവീകരണമാണ് ലക്ഷ്യമിടുന്നത്:

1. ശംഖുമുഖം - 157 ലക്ഷം രൂപ
2. ചെറായി - 100 ലക്ഷം രൂപ
3. നാട്ടിക - 103.5 ലക്ഷം രൂപ
4. പയ്യാമ്പലം - 103 ലക്ഷം രൂപ
5. മീൻകുന്ന് - 89.50 ലക്ഷം രൂപ
6. മുഴുപ്പിലങ്ങാട് - 245 ലക്ഷം രൂപ

ജടായു പാറ ടൂറിസം പദ്ധതി

42 [718] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ജടായുപാറ ടൂറിസം പദ്ധതിക്കുവേണ്ടി എത്ര ഏക്കർ സ്ഥലം ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്;

(ബി) ജഡായുപാറ ഇക്കോടൂറിസം പദ്ധതി പ്രാവർത്തികമാക്കാൻ ഒന്നാം ഘട്ട മായി എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്;

(സി) അതിന്റെ ഉദ്ഘാടനം എന്ന് നടത്താൻ കഴിയും;

(ഡി) ജടായു ശിൽപ്പം അടക്കം എന്തെല്ലാം പദ്ധതികളാണ് ജടായുപാറയിലും പോരേടം വട്ടത്തിൽ തങ്ങൾ വെള്ളച്ചാട്ടത്തിലും കോട്ടക്കൽ ഗുഹാക്ഷേത്രത്തിലുമായി നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 62.05 ഏക്കർ സ്ഥലം.

(ബി) 99,29,375 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2006 മാർച്ച് 31-ന് മുമ്പ് നടത്താൻ കഴിയുമെന്ന് കരുതുന്നു.

(ഡി) ജടായുപാറ ടൂറിസം പദ്ധതിയുടെ ഭാഗമായി അപ്രോച്ച് റോഡിന്റെ വികസനം, ഇൻഫർമേഷൻ സെന്റർ, റസ്റ്റോറന്റ്, ടോയ്ലറ്റ് ഫെസിലിറ്റി, ഷോപ്പ്കോർട്ട് മണ്ഡപങ്ങൾ പാറയുടെ മുകളിൽ കയറിപ്പോകുവാനുള്ള പാത്ത് വേ തുടങ്ങിയവയാണ് ഒന്നാം ഘട്ടത്തിൽ അനുവദിച്ചിട്ടുള്ളത്. പോരേടം വട്ടത്തിൽ തങ്ങൾ വെള്ളച്ചാട്ടവും, കോട്ടക്കൽ ഗുഹാക്ഷേത്രവും ജടായുപാറയുടെ ഉപകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതി നുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly